# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 30**

---

## എം.ജി സർവകലാശാലയിൽ പി.ജി; മെയ് അഞ്ചു വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും നടത്തുന്ന ബിരുദാന്തര ബിരുദ പ്രോഗ്രാമുകളിൽ 2024 അക്കാദമിക് വർഷം പ്രവേശനത്തിന് ഓൺലൈനിൽ അപേക്ഷ സ്വീകരിക്കുന്ന സയപരിധി മെയ് അഞ്ചുവരെ നീട്ടി.

നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ നാലാം സൈക്കിൾ റീ അക്രഡിറ്റേഷനിൽ എ പ്ലസ് പ്ലസ് ഗ്രേഡ് നേടിയ സർവകലാശാലയിലെ വിപുല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി എം.എ, എം.എസ്.സി, എം.ടി.ടി.എം, എൽ.എൽ.എം. എം.എഡ്, എം.പി.ഇ.എസ്, എം.ബി.എ പ്രോഗ്രാമുകൾ പഠിക്കാനുള്ള അവസരമാണ് പ്രവേശന പരീക്ഷയിലൂടെ വിദ്യാർഥികൾക്ക് ലഭിക്കുക. എല്ലാ പ്രോഗ്രാമുകൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് നൽകിയാൽ മതിയാകും.

അവസാന വർഷ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. ഇവർ സർവകലാശാല നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ നിർദ്ദിഷ്ഠ യോഗ്യത നേടിയിരിക്കണം. പ്രോഗ്രാമുകൾ, യോഗ്യത, പ്രവേശന നടപടികൾ, സീറ്റുകളുടെ എണ്ണം, പരീക്ഷാ ഷെഡ്യൂൾ തുടങ്ങിയ വിവരങ്ങൾ https://cat.mgu.ac.in/എന്ന വെബ് സൈറ്റിൽ ലഭിക്കും.

പ്രവേശന പരീക്ഷ മെയ് 17,18 തീയതികളിൽ തിരുവനന്തപുരം കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പരീക്ഷാ കേന്ദ്രങ്ങളിൽ നടക്കും.

ഓരോ പ്രോഗ്രാമിനും പൊതുവിഭാഗത്തിന് 1200 രൂപയും എസ്.സി, എസ്.ടി വിഭാഗത്തിന് 600 രൂപയുമാണ് അപേക്ഷാ ഫീസ്. എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക് https://cat.mgu.ac.in/ എന്ന വെബ് സൈറ്റ് വഴിയും എം.ബി.എയ്ക്ക് https://admission.mgu.ac.in എന്ന സൈറ്റു വഴിയുമാണ് അപേക്ഷ നൽകേണ്ടത്.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in. എം.ബി.എ പ്രോഗ്രാമിന്റെ വിവരങ്ങൾ 0481 2733367 എന്ന ഫോൺ നമ്പറിലും smbs@mgu.ac.in എന്ന ഇ-മെയിലിലും ലഭിക്കും.
(പി.ആർ.ഒ/39/237/2024)

## പി.എച്ച്.ഡി എൻട്രൻസ്; ഏപ്രിൽ എട്ടു മുതൽ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പി.എച്ച്ഡി പ്രവേശന പരീക്ഷയ്ക്ക് ഏപ്രിൽ എട്ടു മുതൽ ഓൺലൈനിൽ അപേക്ഷിക്കാം.

മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്നോ മറ്റേതെങ്കിലും അംഗീകൃത സർവകലാശാലയിൽനിന്നോ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ അല്ലെങ്കിൽ തത്തുല്യ ഗ്രേഡോടെ ബിരുദാനന്തര ബിരുദം നേടിയവർക്കാണ് അവസരം. അംഗീകൃത ഏജൻസികളുടെ അക്രഡിറ്റേഷനുള്ള വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ഇതേ യോഗ്യത നേടിയവരെയും പരിഗണിക്കും. സംവരണ വിഭാഗങ്ങളിൽ പെട്ടവർക്ക് യോഗ്യതാ മാർക്കിൽ അഞ്ചു ശതമാനം ഇളവുണ്ട്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 30. മെയ് 17, 18 തീയതികളിലാണ് പ്രവേശന പരീക്ഷ. അപേക്ഷാ ഫീസും( 1225 രൂപ, എസ്.സി/എസ്.ടി വിദ്യാർഥികൾക്ക് 610 രൂപ) ഓൺലൈനിൽ അടയ്ക്കാം.

കൂടുതൽ വിവരങ്ങൾ https://researchonline.mgu.ac എന്ന പോർട്ടലിൽ ലഭിക്കും. ഫോൺ-04812733568, 04812733337 ഇമെയിൽ - aca14@mgu.ac.in

(പി.ആർ.ഒ/39/238/2024)

## എം.ജി ഓൺലൈൻ എം.ബി.എ; അപേക്ഷിക്കാൻ ഇന്നുകൂടി അവസരം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ  ഓൺലൈൻ എം.ബി.എയുടെ ആദ്യ ബാച്ചിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി  ഇന്ന്(മാർച്ച് 31) അവസാനിക്കും.

മഹാത്മാ ഗാന്ധി സർവകലാശാലയിൽനിന്ന് അല്ലെങ്കിൽ സവർവകലാശാലാ അംഗീകരിക്കുന്ന മറ്റ് സർവകലാശാലകളിൽനിന്ന് ഏതെങ്കിലും വിഷയത്തിൽ അൻപതു ശതമാനത്തിൽ കുറയാത്ത മാർക്കോടെ ബിരുദമോ അല്ലെങ്കിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദമോ ഉള്ളവർക്ക് അപേക്ഷിക്കാം. റെഗുലർ പ്രോഗ്രാമിനു തുല്യമായി യു.ജി. സി അംഗീകരിച്ച എംബിഎയ്ക്ക് എ.ഐ.സി.ടി.ഇയുടെ അംഗീകാരവുമുണ്ട്.

പ്രത്യേക പ്രവേശന പരീക്ഷ ഉണ്ടാവില്ല. രണ്ടു വർഷത്തെ പഠനകാലത്ത് ഒരു ഘട്ടത്തിലും വിദ്യാർഥികൾ സർവകലാശാലയിൽ എത്തേണ്ടതില്ല എന്നതാണ് പ്രധാന സവിശേഷത.

ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിംഗ് എന്നീ ഐച്ഛിക (ഇലക്ടീവ്സ്) വിഷയങ്ങളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം. വിദ്യാർഥികളുടെ സൗകര്യവും താത്പര്യവുമനുസരിച്ച് പഠിക്കാൻ കഴിയുന്ന പ്രോഗ്രാമിന് പ്രായപരിധി ഇല്ല. ജോലിയോടൊപ്പം പഠനം തുടരാൻ ആഗ്രഹിക്കുന്നവർക്കും അവസരമുണ്ട്.

വിശദ വിവരങ്ങൾ അറിയുന്നതിനും അപേക്ഷ സമർപ്പിക്കുന്നതിനും സർവകശാലാ വെബ്സൈറ്റ് (www.mgu.ac.in) അല്ലെങ്കിൽ https://cdoeadmission.mgu.ac.in/ എന്ന ലിങ്ക് പരിശോധിക്കാം. ഫോൺ-0481-2733293, 8547992325. ഇമെയിൽ- mguonline@mgu.ac.in.
(പി.ആർ.ഒ/39/239/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ പിജിസിഎസ്എസ്-മാസ്റ്റർ ഓഫ് കൊമേഴ്സ്(2108,2017 അഡ്മിഷനുകൾ സെപ്ലിമെന്ററി 2014, 2015, 2016 അഡ്മിഷനുകൾ മെഴ്സി ചാൻസ്- മെയ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 12 വരെ ഓൺലൈനിൽ സമർപ്പിക്കാം.
(പി.ആർ.ഒ/39/236/2024)

## പരീക്ഷ മാറ്റി

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ എൽഎൽഎം(2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

.................................

എംഎഡ് (സിഎസ്എസ് 2022-24 ബാച്ച് റെഗുലർ) രണ്ടാം പരീക്ഷയുടെ ഏപ്രിൽ മൂന്നിന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ എക്സ്റ്റേണൽ പരീക്ഷ (അഡ്വാൻസ്ഡ് റിസർച്ച് മെത്തഡോളജി ആന്റ് സ്റ്റാറ്റിസ്റ്റിക്സ്)ഏപ്രിൽ ഒൻപതിലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.
(പി.ആർ.ഒ/39/240/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ ഐഎംസിഎ(2023 അഡ്മിഷൻ റെഗുലർ, 2022, 2021, 2020, 2019, 2018, 2017 അഡ്മിഷനുകൾ സപ്ലിമെന്ററി), ഒന്നാം സെമസ്റ്റർ ഡിഡിഎംസിഎ(2016, 2015,

2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഏപ്രിൽ എട്ടു വരെ ഫീസ് അടച്ച് അുപേക്ഷ നൽകാം. ഫൈനോടു കൂടി ഏപ്രിൽ 11നും സൂപ്പർ ഫൈനോടു കൂടി ഏപ്രിൽ  15നും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/241/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**